അനുബന്ധം - I

## ചട്ടം 304 പ്രകാരം ശ്രീ. ബി. സത്യൻ എം. എൽ. എ ഉന്നയിച്ച ആറ്റിങ്ങൽ സർക്കാർ കോളേജിൽ ബി.എസ്.സി മാത്സ്, ഫിസിക്സ്, ബി.എ. ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ്, എം.എ. ഹിസ്റ്ററി എന്നീ പുതിയ സയൻസ് കോഴ്സുകൾ അനുവദിക്കണമെന്ന സബ്മിഷനെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടി

ആറ്റിങ്ങൽ ഗവ. കോളേജിൽ നിലവിൽ താഴെ പറയുന്ന കോഴ്സുകൾ ആണുള്ളത്.

| ക്രമ നം. | കോഴ്സ് | സീറ്റിന്റെ എണ്ണം |
|---|---|---|
| 1 | ബി. എ. എക്കണോമിക്സ് | 44 |
| 2 | ബി. എ. ഹിസ്റ്ററി | 38 |
| 3 | ബി. എസ്. സി. പോളിമർ കെമസ്ട്രി | 35 |
| 4 | ബി. കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 44 |
| 5 | എം. എ. ഇക്കണോമിക്സ് | 20 |
| 6 | എം. എസ്.സി. പോളിമർ കെമസ്ട്രി | 12 |
| 7 | എം. കോം. | 16 |

ആറ്റിങ്ങൽ ഗവ. കോളേജിൽ ബി.എസ്.സി. മാത്സ്, ബി.എ. ഇംഗ്ലീഷ്, ബി.എസ്.സി. ഫിസിക്സ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത കോളേജിൽ അധിക സാമ്പത്തിക ബാധ്യതയില്ലാതെ നിലവിലുള്ള

ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തി പുതിയ രണ്ട് കോഴ്സുകളെങ്കിലും ആരംഭിക്കാനാകുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

അനുബന്ധം.II

## ചട്ടം 304 പ്രകാരം ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ. ഉന്നയിച്ച ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കണമെന്ന സബ്മിഷനെ സംബന്ധിച്ച ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ മറുപടി

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വിതരണം സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനായാണ് റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്.

ഇ-പോസ് സംവിധാനത്തിന്റെ പ്രവർത്തനം താഴെപറയും പ്രകാരമാണ്.

ഇ-പോസ് മെഷീൻ സ്വിച്ച് ഓൺ ചെയ്തശേഷം റേഷൻ വ്യാപാരിയോ സെയിൽസ്മാനോ ലോഗിൻ ചെയ്യേണ്ടതുണ്ട്. ആധാർ ആതന്റിക്കേഷൻ മുഖേനയോ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ പാസ്‌വേർഡ് വഴിയോ ലോഗിൻ ചെയ്യാവുന്നതാണ്. ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ നൽകുമ്പോൾ കാർഡംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽ നിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് രേഖപ്പെടുത്തി ആതന്റിക്കേഷൻ നടത്തി യഥാർത്ഥ ഗുണഭോക്താവിനുതന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത് എന്നുറപ്പു വരുത്താൻ സാധിക്കും. ആധാർ

ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ റേഷൻ കാർഡ് ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് OTP (One Time Password) അയയ്ക്കുകയും ആയത് വഴി ആതന്റിക്കേറ്റ് ചെയ്യുകയും ചെയ്യാം. മൊബൈൽ സൗകര്യം ലഭ്യമല്ലെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം നടത്താൻ സാധിക്കും. ഉപഭോക്താവിന് തൻമാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തൻമാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കും. ഓരോ ട്രാൻസാക്ഷൻ വിവരങ്ങളും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ പ്രദർശിപ്പിക്കുകയും ചെയ്യും.

നിലവിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ് ഉപയോഗിച്ചുവരുന്നത്. നെറ്റ് വർക്ക് ലഭ്യമാണെങ്കിൽ മാത്രമേ ട്രാൻസാക്ഷനുകൾ നടത്താൻ സാധിക്കുകയുള്ളൂ. നെറ്റ് വർക്കിനായി ഇപ്പോൾ രണ്ടു മൊബൈൽ സിം കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.

ഇ-പോസ് മെഷീൻ സംബന്ധിച്ച ബോധവൽക്കരണം വിവിധ മാധ്യമങ്ങൾ വഴി നടത്തിയിട്ടുണ്ട്. കാർഡിന് അർഹമായ വിഹിതം, സ്ക്രീനിൽ തെളിയുന്നതോടൊപ്പം ശബ്ദ സന്ദേശവും നൽകുന്നുണ്ട്. അർഹമായ വിഹിതം സംബന്ധിച്ച് മൊബൈലിൽ ലഭിക്കുന്ന മെസേജുമായി ഇതിനെ

താരതമ്യപ്പെടുത്തി കൃത്യമായ അളവിൽ റേഷൻ വിഹിതം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താവുന്നതാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് കൂടുതൽ ബോധവൽക്കരണ നടപടികൾ സ്വീകരിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതാണ്. ജനങ്ങളിൽ ഇത് സംബന്ധിച്ച വ്യക്തമായ അവബോധം ഉണ്ടാകുകയും തികച്ചും നൂതനമായ ഈ സംവിധാനവുമായി പൊരുത്തപ്പെടുകയും ചെയ്യുന്നതോടെ ഇത് സംബന്ധിച്ച പരാതികളും ആശങ്കകളും പൂർണ്ണമായും ഒഴിവാക്കാൻ കഴിയും.

സാങ്കേതികമായുള്ള മറ്റു ചില ബുദ്ധിമുട്ടുകൾ മൊബൈൽ കണക്ടിവിറ്റി, സർവറിന്റെ ശേഷി എന്നിവ സംബന്ധിച്ചാണ്. ഒരു സേവന ദാതാവിന്റെയും മൊബൈൽ സർവ്വീസ് ലഭിക്കാത്ത സ്ഥലങ്ങളിൽ ബ്രോഡ് ബാന്റ് കണക്ഷൻ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിന്റെ സർവർ സൗകര്യം ലഭ്യമല്ലാത്തതിനാൽ, വാടക സർവർ ഉപയോഗിച്ചാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. എന്നാൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് സ്വന്തമായി സർവർ വാങ്ങുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വിദഗ്ദ്ധ വകുപ്പായ വിവര സാങ്കേതിക വകുപ്പുവഴിയാണ് സ്വീകരിച്ചത്, ആയത് അന്തിമഘട്ടത്തിലാണ്. സ്വന്തമായി സർവർ വാങ്ങുന്നതോടെ ആ പ്രശ്നം പരിഹരിക്കാനാകും. ഇ-പോസ് മെഷീൻ സംബന്ധിച്ച സാങ്കേതിക തകരാറുകൾ പരിഹരിക്കാൻ താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരെ M/s. Linkwell Telesystems PVT.Ltd.

(ഇ-പോസ് മെഷീനുകൾ ലഭ്യമാക്കിയ കമ്പനി തന്നെ) നിയോഗിച്ചിട്ടുണ്ട്.